**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 939** **06-10-2021 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ വെള്ളപ്പൊക്ക നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിലെ വെള്ളപ്പൊക്ക നിയന്ത്രണം സംബന്ധിച്ച് സംസ്ഥാന പ്ലാനിങ് ബോർഡ് സമർപ്പിച്ച റിപ്പോർട്ടിലെ ഏതൊക്കെ നിർദ്ദേശങ്ങൾ നാളിതുവരെ നടപ്പാക്കിയിട്ടുണ്ട്; ഈ പ്രവർത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ? | (എ) | കുട്ടനാട്ടിലെ വെള്ളപ്പൊക്ക നിയന്ത്രണം സംബന്ധിച്ച് സംസ്ഥാന പ്ലാനിങ് ബോർഡ് സമർപ്പിച്ച റിപ്പോർട്ട് പ്രകാരം നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 1.റൂം ഫോർ റിവർ പദ്ധതി റീബിൽഡ് കേരള ഇനിഷിയേറ്റീവിലുൾപ്പെടുത്തി പദ്ധതി നടപ്പിലാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. തോട്ടപ്പള്ളി സ്പിൽവേ, ലീഡിംഗ് ചാനൽ എന്നിവയുടെ നവീകരണവും എ.സി. കനാലിന്റെ രണ്ടും മൂന്നും റീച്ചുകളുടെ നിർമ്മാണം എന്നിവയാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിനു മുൻപായി വിശദമായ ഹൈഡ്രോ ഡൈനാമിക് പഠനം ആവശ്യമായിട്ടുണ്ട്. പ്രസ്തുത പഠനത്തിനായി ചെന്നൈ ഐ.ഐ.റ്റി.യെ ചുമതലപ്പെടുത്തുകയും കരാറിൽ ഒപ്പുവെച്ചിട്ടുള്ളതുമാണ്. പ്രാരംഭ പഠനങ്ങൾ ചെന്നൈ ഐ.ഐ.റ്റി.ആരംഭിച്ചു കഴിഞ്ഞു റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കാവുന്നതാണ്. 2. പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തലും തോടുകളുടെ നവീകരണവും 2019-20, 2020-21 ബഡ്ജറ്റിലുൾപ്പെടുത്തി 66 പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തുന്ന പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. കൂടാതെ തോട്ടപ്പള്ളി സ്പിൽവേയുടെ ഇലക്ട്രിക്കൽ, മെക്കാനിക്കൽ പ്രവൃത്തിയും ഇതിലുൾപ്പെടുന്നതാണ്. ഈ പ്രവർത്തികൾക്കുള്ള തുക പ്ലാൻ സ്കീമിലും നബാർഡിലും ഉൾപ്പെടുത്തി ലഭിച്ചിട്ടുള്ളതാണ്. കൂടാതെ 2021-22 ബഡ്ജറ്റിലുൾപ്പെടുത്തി 39 പാടശേഖരങ്ങളുടെ പുറംബണ്ട് നിർമ്മിക്കുന്ന പ്രവൃത്തികൾക്ക് പ്ലാൻ സ്കീമിലുൾപ്പെടുത്തി ഭരണാനുമതി നൽകുകയും നബാർഡ് സ്കീമിലുൾപ്പെടുത്തി 4 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികളും |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചുവരുന്നു. തോട്ടുകളിലെ എക്കലും ചെളിയും നീക്കം ചെയ്യുന്ന പ്രവൃത്തികളും ഈ സ്കീമിലുൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ